# ഉദയം



## എസ് എം എച്ച് എസ് തൈക്കാട്ടുശ്ശേരി

വേമ്പനാട്ട് കായൽ തീരത്ത് കേരവൃക്ഷങ്ങൾ നിറഞ്ഞുനിൽക്കുന്ന തൈക്കാട്ടുശ്ശേരി കരയുടെ പടിഞ്ഞാറുഭാഗത്തായി പാരമ്പര്യവും പ്രശസ്തിയും ആർജ്ജിച്ച പുരാതന കലാലയം എസ്എംഎസ് ഹൈസ്ക്കൂൾ സ്ഥിതി ചെയ്യുന്നു. നൂറുവർഷങ്ങൾക്കു മുൻപ് തിരുവിതാംക്കൂർ രാജ്യത്തിന്റെയും തൈക്കാട്ടുശ്ശേരി എന്ന ചെറിയ ഗ്രാമത്തിന്റെയും സാമ്പത്തികവും സാമൂഹികവുമായ യാഥാർത്ഥ്യങ്ങൾ നമുക്ക് ആർക്കും ഉൾക്കൊള്ളാൻ സാധ്യമായ ആ കാലഘട്ടത്തിൽ തൈക്കാട്ടുശ്ശേരി ഗ്രാമത്തിന്റെ വളർച്ചയ്ക്ക് വേണ്ടി ശ്രീമൂലം പ്രജാസഭാംഗവും ഈ പ്രദേശത്തെ പൗര പ്രമുഖനും ആയിരുന്ന വയനാട്ട് പാറയിൽ ശ്രീ കുഞ്ഞവര തരകനാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ.

ശ്രീമൂലം സിൽവർ ജൂബിലി ഹൈസ്ക്കൂൾ തൈക്കാട്ട്ശ്ശേരി തിരുവിതാംക്കൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാളിന്റെ പട്ടാഭിഷേകത്തിന്റെ രജത ജൂബിലി സ്മാരകമായി 1912 ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ആയി ആരംഭിച്ചു. 1919 ആയപ്പോഴേക്കും എസ്എംഎസ് ജെ സ്ക്കൂൾ സ്വയം പര്യാപ്തമായ ഒരു സ്ക്കൂൾ ആയി വളർന്നു കഴിഞ്ഞു. 1949 ജൂണിൽ ഈ സ്ഥാപനത്തെ ഒരു ഹൈസ്ക്കൂൾ ആയി ഉയർത്തി. പതിനായിരത്തിൽ അധികം പഠിതാക്കൾക്ക്

ജില്ല

ആലപ്പുഴ

ഉപജില്ല

തുറവൂർ

പ്രധമ അധ്യാപിക

ടെസി എം എം

എൽ കെ മാസ്റ്റേഴ്സ്

നാൻസി പൗലോസ്

സീമ കെ എസ്



വിജ്ഞാനദീപം പകർന്നു നൽകിയിട്ടുള്ള ഈ വിദ്യാലയം 2012 ൽശതാബ്ദിയും ആഘോഷിച്ചു.

സാധാരണക്കാരും പിന്നോക്ക വിഭാഗക്കാരും ആയ കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. എറണാകുളം അങ്കമാലി അതിരൂപതയുടെ നിയന്ത്രണത്തിലുള്ള സ്ക്രൂളുകളെ ഒരു കോപ്പറേറ്റ് മാനേജ്മെൻറ് കീഴിൽ 2012 കൊണ്ടുവന്നപ്പോൾ ഈ സ്ഥാപനവും അതിൽ ലയിച്ചു.

എറണാകുളം അങ്കമാലി രൂപതയുടെ കോർപ്പറേറ്റ് മാനേജർ റവ. ഫാ. തോമസ് നങ്ങേലിമാലിയാണ്. സ്ക്രൂൾ ലോക്കൽ മാനേജർ ആയി റവ. ഫാ.വർഗീസ് പൈനുങ്കലും സേവനമനുഷ്ഠിക്കുന്നു. ഒരു നൂറ്റാണ്ട് പിന്നിട്ട എസ്എംഎസ് ജെ ഹൈസ്ക്രൂൾ ഇന്ന് തൈക്കാട്ടുശ്ശേരിയുടെ തിലകക്കുറിയായി നിലകൊള്ളുന്ന ഒരു സ്ഥാപനമാണ് . കുട്ടികളുടെ പാഠ്യപാഠ്യേതര വളർച്ചയ്ക്കായി സ്ക്രൂളിൽ വിവിധതരം ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.സ്കൗട്ട് ,ജെ ആർ സി, ലിറ്റിൽ കൈറ്റ്സ്,സോഷ്യൽ സയൻസ് ക്ലബ്, മാത്തമാറ്റിക്സ് ക്ലബ്,സയൻസ് ക്ലബ്,വിദ്യാരംഗം,വനപരിപാലനം തുടങ്ങി അനേകം പ്രവർത്തനങ്ങളിലൂടെ കുട്ടികളെ അവരുടെ കഴിവുകൾ മനസ്സിലാക്കി വളർന്നുവരുവാനുള്ള സാഹചര്യം സ്ക്കൂൾ ഒരുക്കുന്നു.



# സന്ദേശം

പ്രിയ കുട്ടികളെ,

ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ആഭിമുഖ്യത്തിൽ നമ്മുടെ സ്കൂളിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് എല്ലാ ആശംസകളും നേരുന്നു.മുൻപേ പറക്കുന്ന പക്ഷികളുടെ ഒപ്പം എത്താനുള്ള നിങ്ങളുടെ യാത്രയിൽ അവയുടെ മുമ്പിൽ എത്താനുള്ള അനുഗ്രഹം ദൈവം നൽകട്ടെ. ഈ പതിപ്പിലേക്ക് കൃതികൾ തയ്യാറാക്കിയ വർക്കും ചിത്രങ്ങൾ വരച്ച് ആകർഷകമാക്കിയവർക്കും ഇത് ഡിജിറ്റൽ വൽക്കരിക്കാൻ പരിശ്രമിച്ചവർക്കും അഭിനന്ദനങ്ങൾ.......

സ്നേഹപൂർവ്വം

ടെസ്സി എം എം

ഹെഡ്മിസ്ട്രസ്

# ഉള്ളടക്കം


| | | |
|---|---|---|
| മൂങ്ങയും കാക്കക്കുട്ടങ്ങളും | ശ്രീനന്ദന.പി.എസ് | 5 |
| ബാലനും കൃഷിയും | ആദിഷ്.ശങ്കർ | 6 |
| മഴത്തുള്ളികൾ | മേഘ്യ.മനോജ് | 7 |
| വംഷി | സീമ.കെ.എസ് | 8 |
| പുള്ളികുപ്പായക്കാരി | കൃഷ്ണവേണി | 11 |
| സ്നേഹത്തണൽ | ആൽഫിമോൾ.ഐസക് | 12 |
| ഒരു അവധിക്കാലം | ആൻ.മരിയ.സിബി | 13 |
| യാത്രാവിവരണം | കാശിനാഥ് കെ എസ് | 14 |
| നല്ലസുഹൃത്തുക്കൾ | മരിയ വർഗീസ് | 15 |
| വിധിയെ തോൽപ്പിച്ച സ്നേഹം | സാൻട്രിയ സിബി | 16 |
| ആകാശമല്ല | ശിഖ പി എസ് | 17 |
| സൗഹൃദം | കെവിൻ പോൾ | 18 |
| പ്രളയം വിഴുങ്ങിയ കേരളം | നിരഞ്ജന എൻ | 20 |
| ഒരു ഒഴിവുകാല യാത്ര | ഷാരോൺ കെ സണ്ണി | 22 |
| അറിവാണ് ദൈവം | ആശിഷ് ദേവ് | 24 |

# മൂങ്ങയും കാക്കക്കൂട്ടങ്ങളും

ഒരിടത്ത് ഒരു മരത്തിൽ നിറയെ കാക്കകൾ താമസിച്ചിരുന്നു. അവർ വളരെ സന്തോഷമായി ആണ് ജീവിച്ചിരുന്നത്. അവരിൽ ഏറ്റവും പ്രായമായ കാക്കയാണ് തീരുമാനങ്ങൾ എടുത്തിരുന്നത് .വളരെ ബുദ്ധിശാലി ആയിരുന്നു ബാക്കി കാക്കകൾക്ക് ആ കാക്കയെ വളരെ ഇഷ്ടവും ആയിരുന്നു. അവർ ആ ചെറിയ മരത്തിൽ വളരെ സന്തോഷമായി താമസിച്ചു. അവർ ഒരുമിച്ചാണ് തീറ്റ തേടാൻ പോയിരുന്നത്. അങ്ങനെയിരിക്കെ ആ കാട്ടിലെയ്ക്ക്ഒരു കൂട്ടം മൂങ്ങകൾ വന്നു. അവർ മൃഗങ്ങളെ വളരെയധികം ശല്യം ചെയ്തു. അങ്ങനെ അവരുടെ ശല്യം പതുക്കെപ്പതുക്കെ കാടുമുഴുവനും ആയി മാറി. മൂങ്ങുകളുടെ ശല്യം സഹിക്കാനാകാതെ കാക്കകൾ മൂങ്ങകളെ ഓടിക്കാൻ തീരുമാനിച്ചു.

അങ്ങനെ ആ ബുദ്ധിശാലിയായ കാക്ക ഒരു പദ്ധതി രൂപീകരിച്ചു. അത് മറ്റു കാക്കകൾക്ക് ഇഷ്ടപ്പെട്ടു. ആ പദ്ധതി ഇങ്ങനെയായിരുന്നു. പ്രായമായകാക്കയെ മറ്റു കാക്കകൾ ഒറ്റപ്പെടുത്തുന്നതും ഉപദ്രവിക്കുന്നതുമായി മൂങ്ങുകൾക്ക് തോന്നണം.അപ്പോൾ മൂങ്ങകൾ പ്രായമായ കാക്കയുമായി കൂട്ടാകും. കാക്കകളുടെ പദ്ധതി പോലെ തന്നെ പിറ്റേദിവസം പ്രായമായ കാക്കയുമായി മൂങ്ങകൾ കൂട്ടായി ഒരു ദിവസം പ്രായമായ കാക്ക മൂങ്ങുകളുടെ മാളത്തിന് മുമ്പിൽ ചുള്ളിക്കമ്പുകൾ കൊണ്ടുവന്നു വച്ചു. ഒരു മൂന്ന് ചോദിച്ചു ഇത് എന്തിനാണ് കാക്ക മറുപടി പറഞ്ഞു രക്ഷപ്പെടുന്നതിനാണ് ഇത് പ്രായമായ കാക്കയെ വിശ്വസിച്ച അകത്തേക്ക് പോയി നേരം വെളുക്കുമ്പോഴാണ് മൂങ്ങകൾ ഉറങ്ങുന്നത് പ്രായമായ കാക്ക മറ്റു കാക്കകളെ വിളിച്ചുകൊണ്ടുവന്നു. ചുള്ളികമ്പിന് തീവച്ചു അത് മാളത്തിലിരുന്ന മൂങ്ങ കളെ ചുട്ടു ചാമ്പലാക്കി. അങ്ങനെ മൂങ്ങകളുടെ ശല്യം തീർന്നു. പിന്നീട് പഴയതുപോലെ സന്തോഷമായി ജീവിക്കുവാൻ കാക്കകൾക്ക് കഴിഞ്ഞു.

ശ്രീനന്ദന പി എസ്

# ബാലനും കൃഷിയും

പണ്ട് ഒരു ഗ്രാമത്തിൽ ബാലൻ എന്ന് പേരുള്ള ഒരു കർഷകൻ ഉണ്ടായിരുന്നു. മക്കളും ഭാര്യയും അടങ്ങിയ ഒരു ചെറിയ കുടുംബമാണ് ബാലൻ്റേത്. ബാലൻ തന്റെ കുടുംബത്തെയും കൃഷിയെയും ഒരുപോലെ സ്നേഹിച്ചിരുന്നു. കാലാവസ്ഥ അനുയോജ്യമല്ലാത്തതു കൊണ്ട് ബാലന്റെ കൃഷി നശിച്ചുപോയി. ബാലന്റെ ഏക വരുമാനം കൃഷിയിൽ നിന്നാണ് ലഭിച്ചിരുന്നത്. കൃഷിയെല്ലാം നശിച്ചുപോയതിനാൽ തന്റെ കുടുംബം പട്ടിണിയിലായി. അങ്ങനെ ഒരു ദിവസം ബാലൻ തൻ്റെ കൃഷി സ്ഥലത്ത് വന്ന് പൊട്ടിക്കരഞ്ഞു. പെട്ടെന്ന് ആകാശം കറുക്കാൻ തുടങ്ങി. മഴപെയ്യാൻ തുടങ്ങി. തനിക്ക് ആവശ്യമായ വെള്ളം ലഭിച്ചത് കൊണ്ട് ഒരു മടിയും കൂടാതെ വീണ്ടും ബാലൻ തന്റെ കൃഷി ആരംഭിച്ചു.

ആദിഷ് ശങ്കർ

# മഴത്തുള്ളികൾ

മഴത്തുള്ളി പോൽ
എൻ ഹൃദയം തുരന്നെത്തുമോ
കൊടുങ്കാറ്റ് മനസ്സിൽ
നീർത്തുള്ളിയായി
കുളിർകാറ്റുപോൽ തഴുകുന്നിതാ
മാനത്തെ ചന്ദ്രനെ മേഘങ്ങൾ
മൂടുന്നു ആകാശം കരയുന്നു
മഴയായി പെയ്യുന്നു
മഴത്തുള്ളിപോൽ ഹൃദയം
തുറന്നെത്തുന്നു
കൊടുംകാറ്റുപോൽ മഴത്തുള്ളി
പോൽ
എൻ ഹൃദയം

മേഘ മനോജ്

# വംഷി

സ്കൂൾ തുറക്കുന്നതോടെ തിരക്കുകളിൽ നിന്നും തിരക്കുകളിലേക്ക് ഉള്ള യാത്രയാണ്. പുതിയ അധ്യയന വർഷത്തിലേക്ക് മിഴി തുറക്കാൻ ഏതാനം ദിവസങ്ങളെയുള്ളൂ. പുതിയ വിദ്യാലയം. പ്രഥമ അധ്യാപിക എന്ന പുതിയ പദവി. പ്രവേശനോത്സവത്തിന് വേണ്ടി അച്ചടിച്ച ഇൻവിറ്റേഷൻ കാർഡിലെ വിശിഷ്ടാതിഥിയുടെ പേരിൽ നിന്ന് കണ്ണെടുക്കാതെ കുറച്ചുനേരം..... അത്ഭുതമാണോ അഭിമാനമാണോ... മനസ്സ് അറിയാതെ വർഷങ്ങൾ പുറകിലേക്ക്.....

* * * * *

ആന്ധ്രപ്രദേശിലെ കടപ്പ ജില്ലയിൽ ഉൾനാട്ടിലുള്ള ഒരു റസിഡൻഷ്യൽ സ്കൂളിലാണ് സൗഭാഗ്യ അധ്യാപകജീവിതം ആരംഭിക്കുന്നത്. ഓഫീസിന്റെ മുറ്റത്ത് ഒരു വലിയ ചീനഭരണി യുടെ ആകൃതിയിൽ ഭംഗിയായി വെട്ടി നിർത്തിയിരിക്കുന്ന ചുവന്ന റോസാ ചെടിയിൽ നിറയെ പൂക്കൾ വിരിഞ്ഞു നിന്നു. നേർത്ത സൗരഭ്യവും തഴുകിയൊഴുകുന്ന ഇളം തെന്നലും ഇടതൂർന്ന് വളരുന്ന മരങ്ങളും ആ വിദ്യാലയത്തിന് ഒരു ആശ്രമത്തിന്റെ പ്രതീതിയാണ് ഉളവാക്കിയത്. റസിഡൻഷ്യൽ സ്കൂൾ ആയതുകൊണ്ട് എല്ലാവരും അവിടെത്തന്നെ താമസിക്കുന്നവരാണ്.

നെടുനീളത്തിൽ സമാന്തരമായി നിൽക്കുന്ന രണ്ട് കെട്ടിടങ്ങളിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. പുറകോട്ടു മാറി നിൽക്കുന്ന ബഹുനിലക്കെട്ടിടങ്ങൾ എല്ലാം കുട്ടികളുടെ ഹോസ്റ്റൽ ആണ്. അതിനോടു ചേർന്നു തന്നെയാണ് സൗഭാഗ്യ ഉൾപ്പെടെ മലയാളികളായ 15ഓളം അധ്യാപികമാരുടെയും മുറികൾ. വംഷി... ഉച്ചത്തിലുള്ള ഹോസ്റ്റൽ വാർഡന്റെ ആക്രോശരൂപേണയുള്ള വിളി ആ കെട്ടിടത്തെ മുഴുവൻ പ്രകമ്പനം കൊള്ളിക്കാറുണ്ട്.. അവിടത്തുകാരായ പല അധ്യാപകരും അനധ്യാപകരും വംഷിയെ സദാസമയവും വഴക്ക് പറയുന്നത് പതിവുകാഴ്ചയാണ്.

വംഷി(Vamsi)... കറുത്തു മെലിഞ്ഞ ശരീരവും ഒട്ടിയ കവിളുകളുമുള്ള രണ്ടാം ക്ലാസുകാരൻ. ഒലിച്ചു കൊണ്ടിരിക്കുന്ന മൂക്ക്. നിസ്സഹായത നിഴലിക്കുന്ന കണ്ണുകൾ... എപ്പോഴും നിലവിളിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കും. അവിടെ ആർക്കും വംഷിയെ കണ്ടുകൂടാ. ഫീസ് കുടിശിക ഒരുപാടുണ്ടത്രേ. പക്ഷേ സൗഭാഗ്യയ്ക്കും കൂട്ടുകാർക്കും വംഷിയെ വളരെ ഇഷ്ടമാണ്. വൈകുന്നേരങ്ങളിൽ ഹോസ്റ്റൽ മുറിയുടെ വാതിൽക്കൽ അവൻ ഓടിയെത്തും. സ്നേഹത്തോടെയുള്ള ഒരുനോട്ടമോ ഒരു താലോടലോ ആ കുഞ്ഞു മനസ്സ് ആഗ്രഹിക്കുന്നുണ്ടാകും. അവന്റെ ഭാഷ(തെലുഗു) അറിയില്ലെങ്കിലും വംഷി സൗഭാഗ്യക്ക് പ്രിയപ്പെട്ട കുട്ടിയായി മാറിയിരുന്നു. അമ്മയുടെ മരണമാണ് റസിഡൻഷ്യൽ സ്കൂളിൽ

ആക്കുവാനുള്ള കാരണം. വംഷിയുടെ നാനാ(പിതാവ്) ചെറിയ പൊതുപ്രവർത്തനവുമായി നടക്കുന്നു. പിന്നെയുള്ളത് രോഗിയായ മുത്തശ്ശിമാത്രം. തന്നെ വഴക്ക് പറയുന്നവർ മറ്റ് കുട്ടികൾക്ക് നൽകുന്ന പരിഗണനകൾ അവൻ കൊതിയോടെ നോക്കിനിൽക്കുന്നതും ആ മിഴികൾ നിറഞ്ഞൊഴുകുന്നതും സൗഭാഗ്യ എന്ന അധ്യാപികയുടെ കണ്ണുകളെ ഈറൻ അണിയിക്കാറുണ്ട്. അങ്ങനെയിരിക്കെ ഒരു ദിവസം ഇന്നലെ വരെ വംഷിയെ ചീത്തപറയുന്നതിൽ മത്സരിച്ചു കൊണ്ടിരുന്നവർ അവനെ ചേർത്ത് പിടിക്കുന്നു. താലോലിപ്പിക്കുന്നു. എടുത്തുമ്മ വയ്ക്കുന്നു... കാര്യം മനസിലാകാതെ കണ്ണുമിഴിച്ചു നിന്ന് പോയി അധ്യാപക ജോലി തേടിയെത്തിയ സൗഭാഗ്യ അടക്കമുള്ള അധ്യാപകർ. പിന്നീടാണ് അറിയുന്നത് വംഷിയുടെ നാനാ അവിടെ നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ചെന്നും എം. എൽ. എ ആയെന്നും. അധികാരവും സമ്പത്തും ചാരത്തണയുമ്പോൾ ചാരത്തുള്ളവരുടെ മാറ്റം കണ്ട് അവർ അമ്പരന്നു.... വംഷിയിലെ സങ്കടത്തിന്റെ ലാഞ്ചനയില്ലാത്ത ചിരി കൺകുളിർക്കേ കണ്ടു.

അധികനാൾ നീണ്ടു വന്നില്ല വംഷിയുടെ സന്തോഷം. അവിടെ ഉണ്ടായ എന്തോ ചില കാരണങ്ങളാൽ വംഷിയുടെ നാനയ്ക്ക് എം എൽ എ സ്ഥാനം രാജിവച്ചൊഴിയേണ്ടി വന്നു. പിന്നീട് വംഷിക്ക് നേരിടേണ്ടി വന്ന മാനസികപീഡനങ്ങൾ ഒരു രണ്ടാം ക്ലാസുകാരന് താങ്ങാനാവുന്നതിലും അധികമായിരുന്നു. സൗഭാഗ്യയുടെക്ലാസ്സിൽ നിന്നും കുട്ടിയെ ബലമായി പുറത്തിറക്കി നിർത്തുന്നത് കണ്ടു അവൾ തരിച്ചുനിന്നുപോയി. മിഠായി കൊടുത്തവർ..എടുത്തുമ്മവച്ചവർ...എല്ലാവരും ഒരു പേപ്പട്ടിയെ എന്നപോലെ ആട്ടിയകറ്റി. നിലവിളിച്ചുകൊണ്ട് പരിഭ്രാന്തനായി അവൻ സ്കൂൾ മുറ്റം മുഴുവൻ അലഞ്ഞു നടന്നു. പതിവുപോലെ അന്നും വൈകുന്നേരം അവൻ ഹോസ്റ്റൽ മുറിയിലേക്ക് ഓടിവന്നു. വാവിട്ടുകരഞ്ഞു. കവിളുകളിലൂടെ കണ്ണുനീർ ധാരധാരയായി ഒലിച്ചിറങ്ങി.

ആശ്വസിപ്പിക്കേണ്ടതെങ്ങനെയെന്നറിയാതെ കുഴങ്ങിയ നിമിഷങ്ങൾ.. ആ മുറിയിൽ സൗഭാഗ്യ ഉൾപ്പെടെ മൂന്നു മലയാളികളും ആന്ധ്രാക്കാരി തന്നെയായ ജയന്തി എന്ന് പേരുള്ള ഒരു മാഡവുമാണുള്ളത്. സങ്കടം ഒട്ടൊന്നടങ്ങിയപ്പോൾ ഹോസ്റ്റൽ വാർഡന്റെ കാതടപ്പിക്കുന്ന വിളി മുഴങ്ങുന്നതിനു മുൻപേ അവൻ മുറി വിട്ട് ഓടിപ്പോയി. പിറ്റേന്ന് മുതൽ വൈകുന്നേരങ്ങളിൽ ആ അധ്യാപികമാർ അവനെ ഓരോ വിഷയങ്ങളും കുറേശ്ശേ പഠിപ്പിക്കാൻ
തുടങ്ങി. സ്മിത മിസ് പലതാളത്തിൽ പട്ടികചൊല്ലി കണക്കുപഠിപ്പിച്ചു. സിൽജി ഇംഗ്ലീഷും. തുള്ളൽ പാട്ടിന്റെ ഈണത്തിൽ ഇ വിഎസ്പഠിപ്പിക്കാനുള്ള സൗഭാഗ്യയുടെ ശ്രമം കണ്ടവൻ പൊട്ടിച്ചിരിച്ചു. ജയന്തിയും അവർക്കൊപ്പം കൈകോർത്തു നിന്നപ്പോൾ മാതൃഭാഷയുമായി. അവരുടെ ശ്രമം കണ്ടു അടുത്ത മുറിയിലുള്ളവരും വന്നുചേർന്നു. ഹോസ്റ്റൽ മുറിയുടെ ആ നാലു ചുമരുകൾക്കപ്പുറത്ത് എത്രമാത്രം അവഗണനകളും നിന്ദനങ്ങളും ഏൽക്കേണ്ടിവന്നോ അതിലധികം പരിഗണനകളും പ്രോത്സാഹനങ്ങളും അവർ ആ കുഞ്ഞിനു നൽകി.

ഫീസിൽ കുറച്ചു അടച്ചു തീർത്തതിനാൽ ഒരാഴ്ചത്തെ പുറത്തു നിറുത്തൽ കഴിഞ്ഞു വംഷിക്ക് വീണ്ടും ക്ലാസ്സിൽ കയറാൻ അനുവാദം ലഭിച്ചു. എങ്കിലും വൈകുന്നേരത്തെ പഠിപ്പിക്കൽ സൗഭാഗ്യയും സുഹൃത്തുക്കളും തുടർന്നു. പതിനഞ്ചോളം സ്കൂളുകൾ ചേർന്ന് അവിടെ മില്ലേനിയം ഇയർന്റെ ആഘോഷവുമായി ബന്ധപ്പെട്ട് ഒരു ക്വിസ് മത്സരം നടത്തുന്നുണ്ട്- Millennium quiz 2000. അഞ്ചു വയസ്സു മുതൽ പത്ത് വയസ്സു വരെയും 11 മുതൽ 15 വയസ്സു വരെയും ഉള്ളവർക്ക് രണ്ട് വിഭാഗം ആയിട്ടാണ് മത്സരം. ഒന്നാം വിഭാഗത്തിൽ നിന്ന് എങ്ങനെയെങ്കിലും വംഷിയെ പങ്കെടുപ്പിക്കണം. അവർ ദേവാലയങ്ങളിൽ വംഷിക്കുവേണ്ടി തിരികൾ തെളിച്ചു. പ്രാർത്ഥനകൾ സഫലമായി. തെരഞ്ഞെടുപ്പിന്റെ ഭാഗമായി സ്കൂളിൽ നടത്തിയ ക്വിസ് മത്സരത്തിൽ വംശി തന്നെ ഒന്നാമത്. അതോടെ സ്കൂളിലെ എല്ലാവരും വംഷിയെ വീണ്ടും സ്നേഹിക്കാൻ തുടങ്ങി.


മില്ലേനിയം ക്വിസ്സിൽ വംഷി വിജയിക്കുന്നത് കാണുവാൻ എല്ലാവരും ഒരുപോലെ ആഗ്രഹിക്കാൻ തുടങ്ങി. ആത്മവിശ്വാസത്തോടെ മുന്നേറിയ വംഷിയ്ക്ക് Millennium quiz-2000-ൽ വിജയത്തിന്റെ പൊൻതിളക്കം. വിദ്യാലയത്തിന്റെ അഭിമാനമായി മാറിയ വംഷിയെ നിരവധി പ്രമുഖർ അഭിനന്ദനങ്ങൾ കൊണ്ട് പൊതിഞ്ഞു. ട്രോഫിയും ക്യാഷ് അവാർഡും കൊണ്ടുവന്ന വംഷിയെ വിജയാരവത്തോടെ സ്കൂൾ ഒന്നടങ്കം എതിരേറ്റു. വംഷിയുടെ കണ്ണുകളിൽ നക്ഷത്രത്തിളക്കം.

രണ്ടു വർഷത്തെ അധ്യാപനത്തിനുശേഷം ആ വിദ്യാലയത്തിൽ നിന്നും നാട്ടിലേക്ക് തിരിച്ചു പോരുമ്പോഴും വംഷി മാഞ്ഞു പോകാത്ത ഒരു ഓർമയായി.

* * * * *

സൗഭാഗ്യടീച്ചർ ഇൻവിറ്റേഷൻ കാർഡിലേക്ക് ഒന്നുകൂടി നോക്കി പേര് വായിച്ച് ഉറപ്പിച്ചു. വംഷി റെഡ്ഡി IPS. കണ്ണുകളിൽ ആനന്ദാശ്രു ഒഴുകിയിറങ്ങി.

സീമ കെ എസ്സ്
എച്ച് എസ് ടി മലയാളം



# പുള്ളി കുപ്പായക്കാരി

പുള്ളി കുപ്പായം
തുന്നിയതാര് പൂമ്പാറ്റേ
പുള്ളി പുള്ളി
കുപ്പായം
തുന്നിയതാരാ പൂമ്പാറ്റേ
നിന്നുടെ കൂടെ
പോന്നോട്ടെ
പാറും വഴികൾ കണ്ടോട്ടെ
എത്ര പൂവിൻ തേനുണ്ണും നീ
എത്ര നാടിൻ കഥയറിയാം

കൃഷ്ണവേണി

# സ്നേഹ തണൽ

ഒരു ഗ്രാമത്തിൽ വളരെയധികം സ്നേഹത്തോടെ ജീവിച്ചിരുന്ന പ്രായമായ അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. അവർ പരസ്പരം ബഹുമാനത്തോടെയും അനുസരണത്തിലും അതിലുപരി ഒരേ മനസ്സോടെയുമാണ് ജീവിച്ചത്. ഇവരെ ആ ഗ്രാമവാസികൾ ആശ്ചര്യത്തോടെയാണ് നോക്കി കണ്ടുകൊണ്ടിരുന്നത്. ഒരു ദിവസം അപ്പൂപ്പൻ അടുത്ത ഗ്രാമത്തിൽ പോയി. വന്നപ്പോൾ വളരെ ക്ഷീണിതനായതുകൊണ്ട് കസേരയിൽ വന്നിരുന്നു. ദാഹിച്ചു വളഞ്ഞ അപ്പൂപ്പൻ കുറച്ചു വെള്ളം കൊണ്ടുവരുവാൻ അമ്മൂമ്മയോട് ആവശ്യപ്പെട്ടു. ഉടനെ അമ്മൂമ്മ അപ്പൂപ്പന് വളരെയധികം ഇഷ്ടമുള്ള മോരു സംഭാരം ഉണ്ടാക്കി മേശപ്പുറത്ത് കൊണ്ടുവന്നു വച്ചു. അപ്പൂപ്പനോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അമ്മൂമ്മയുടെ കൈ അറിയാതെ ഗ്ലാസിൽ തട്ടി മറിഞ്ഞുവീണു. കഷ്ടം എന്നു പറയട്ടെ. അപ്പൂപ്പന്റെ ഫോൺ അടുത്തിരുപ്പുണ്ടായിരുന്നു.

തന്റെ വിലയേറിയ ഫോൺ സംഭാരത്തിൽ മുങ്ങിക്കിടക്കുന്നത് കണ്ട് അപ്പൂപ്പന് കോപം നിയന്ത്രിക്കാൻ ആയില്ല. അപ്പൂപ്പൻ ദേഷ്യത്തോടെ ചാടി എണീറ്റ് അമ്മൂമ്മയെ വളരെയധികംശകാരിച്ചു. പാവം അമ്മൂമ്മ ഭയന്നു വിറച്ചു. ഒരു കൊച്ചു കുഞ്ഞിനെ പോലെ വൃത്തിയാക്കി. ഭാഗ്യം ഒന്നും പറ്റിയില്ല എന്ന് ആത്മഗതത്തോടെ പറഞ്ഞുകൊണ്ട് അപ്പൂപ്പൻ തിരിഞ്ഞു നോക്കി. അതാ അവിടെ തന്റെ ശകാര വാക്കുകൾ മൂലം ഭയന്ന് വിറച്ചിരിക്കുന്ന തന്റെ പ്രിയപത്നിയെ കണ്ടപ്പോൾ സങ്കടം തോന്നി. അപ്പൂപ്പൻ അമ്മൂമ്മയെ ചേർത്തുപിടിച്ച് തെറ്റിന് മാപ്പു ചോദിച്ചു.

തന്റെ പ്രിയപ്പെട്ടവന്റെ ക്ഷമ ചോദിക്കലിൽ അമ്മൂമ്മയുടെ സങ്കടം അലിഞ്ഞ് ഇല്ലാതായി. അങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും സ്നേഹിച്ചും ആശ്വസിപ്പിച്ചും അപ്പൂപ്പനും അമ്മൂമ്മയും സന്തോഷത്തോടെ ജീവിച്ചു കൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ഒരു ദിവസം മരണം അമ്മൂമ്മയെ മാടി വിളിച്ചു. തന്റെ ജീവൻറെ പാതിയായ പ്രിയപ്പെട്ടവൾ തന്നെ വിട്ടു പോയതിന്റെ സങ്കടത്തിൽ ഇന്നും ആ അപ്പൂപ്പൻ ജീവിക്കുന്നു.

ആൽഫി മോൾ ഐസക്

# ഒരു അവധിക്കാലം

കഥ തുടങ്ങുന്നത് ഒരു കുഗ്രാമത്തിലെ പാടത്തിനരികിൽ നിൽക്കുന്ന തങ്കപ്പൻ ചേട്ടന്റെ വീട്ടിൽ നിന്നാണ്. തങ്കപ്പൻ ചേട്ടൻറെ ഭാര്യ ലീലാവതി മക്കൾ രണ്ടുപേരും ഉണ്ട് അച്ചുവും കിച്ചുവും. അച്ചുവാണ് മൂത്തത്. അതുകൊണ്ട്പ്രായത്തിന്റെതായ കുസൃതികളും മുൻകോപവും എല്ലാം നിറഞ്ഞുനിൽക്കുന്ന വ്യക്തിയാണ് അച്ചു. പക്ഷേ കിച്ചുനേരെ തിരിച്ചാണ് നിഷ്കളങ്കനും സ്നേഹമുള്ളവനും ആയിരുന്നു. ചേച്ചി ഒരു വീട്ടമ്മയാണ്. തങ്കപ്പൻ ചേട്ടൻ മത്സ്യത്തൊഴിലാളിയും. സ്കൂൾ അവധി തീരാറാകുന്ന ദിവസമായി വരുന്നു.

ഇനി അച്ചുവിന്റെയും കിച്ചുവിൻറെയും സ്കൂൾ തുറക്കാൻ ഏതാനും ദിവസങ്ങളെ ഉള്ളൂ. ഒരു ദിവസം വൈകുന്നേരം ആയപ്പോൾ ലീലാവതി തൻറെ മക്കളോട് പീടിക വരെ പോകാൻ ആവശ്യപ്പെട്ടു . കിച്ചുവിന് അത് വലിയ സന്തോഷമായിരുന്നു. കാരണം അവിടെ നിറയെ മധുരമിഠായികൾ അവന് കാണാമായിരുന്നു. നേരത്തെ പറഞ്ഞതുപോലെ മുൻകോപവും ആയിരുന്നു.അച്ചു അമ്മയോട് പറഞ്ഞു എനിക്ക് പോകാൻ പറ്റില്ല അവസാനം അമ്മ തന്നെ പീടികയിൽ പോകാം എന്ന് തീരുമാനിച്ചു.

തങ്കപ്പൻ ചേട്ടൻ മീൻ പിടിക്കാൻ പോയി അമ്മ പീടികയിൽ പോയപ്പോൾ അച്ചുവും കിച്ചുവും ഒറ്റയ്ക്കായി മഴ വീഴാൻ തുടങ്ങി അമ്മ പോയ വഴി നിറയെ പാമ്പും അവിടെ ഒരു ഇടവഴിയുടെ ഓരത്ത് ഒരു വലിയ കുളവും ഉണ്ടായിരുന്നു. സൂക്ഷിച്ചില്ലെങ്കിൽ കാൽ തെന്നി കുളത്തിൽ വീഴാൻ സാധ്യതയുണ്ട്. മഴ അതിശക്തമായി വീഴാൻ തുടങ്ങി. തന്റെ അമ്മയും അച്ഛനും ഇതുവരെയും തിരിച്ചുവന്നില്ല. നേരം രാത്രിയോടടുത്തു.

അച്ചുവിൻറെ പ്രതീക്ഷകൾ ഓരോന്നും മങ്ങികൊണ്ടേയിരുന്നു. അമ്മയുടെയും അച്ഛന്റെയും വില അവന് മനസ്സിലായി. അവന്റെ കണ്ണ്നിറഞ്ഞു. തന്റെ അനിയനെ ഒക്കത്ത് വച്ചുകൊണ്ടിരുന്ന അവൻ വീടിൻെറ പടിക്കൽ നിന്ന് അകത്തേക്ക് കയറിയപ്പോൾ ദൂരെ ചാക്കോച്ചൻ ചേട്ടൻറെ പറമ്പിൽ നിന്ന് ഒരു ടോർച്ചിന്റെ വെളിച്ചം അവൻ ഒന്നു നോക്കി. അത് അവന്റെ അമ്മയായിരുന്നു. അവൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു കരയാൻ തുടങ്ങി. അങ്ങനെ ആ മഴയിൽ അവരുടെ സ്നേഹബന്ധം കൂടിച്ചേർന്നു മഴ അങ്ങനെ ശാന്തമായി.

ആൻ മരിയ സിബി

# യാത്രാവിവരണം

ആ സൂര്യൻ അസ്തമിച്ചത് പുതിയ ഒരു പ്രഭാതത്തിലേക്ക് ആയിരുന്നു. അതെ ഞങ്ങൾ യാത്രയ്ക്ക് ഒരുങ്ങുകയാണ്. കോഴിക്കോട് പ്ലാനറ്റോറിയത്തിലേക്ക് ഒരു പഠനയാത്ര.

അന്നേദിവസം രാവിലെ ആറുമണിക്ക് ഞാനും എന്റെ സഹപാഠികളും വിദ്യാലയത്തിൽ എത്തി. എല്ലാവരുടെയും മുഖത്ത് സന്തോഷവും ആഹ്ലാദവും നിറഞ്ഞിരുന്നു. രാവിലെ 7 30ന് കുറ്റിപ്പുറത്ത് നിന്നാണ് കോഴിക്കോട്ടേക്കുള്ള ഞങ്ങളുടെ ട്രെയിൻ. കുറ്റിപ്പുറം സ്റ്റേഷനിൽ എത്തി. അധ്യാപകരുടെ നിർദ്ദേശപ്രകാരം ട്രെയിൻ വരുന്ന പ്ലാറ്റ്ഫോമിലേക്ക് ഞങ്ങളെ എത്തി. ട്രെയിൻ ദാ വരുന്നു.

എല്ലാവരും വളരെ സന്തോഷത്തോടെ ട്രെയിനിൽ കയറി സ്ഥാനം പിടിച്ചു. ട്രെയിൻ ചൂളമടിച്ചു മുന്നോട്ട് നീങ്ങി. ഞങ്ങളുടെ ആഹ്ലാദത്തിൽ ഞങ്ങളുടെ അധ്യാപകരും പങ്ക ചേർന്നിരുന്നു. യാത്ര അതീവ രസകരമാണ്. വളരെ വേഗത്തിലുള്ള യാത്ര കാരണം വനത്തിലെ മുഴുവൻ കാഴ്ചകളും കാണാൻ സാധിച്ചില്ലെങ്കിലും ഒരുവിധം കാഴ്ചകളെല്ലാം ഒപ്പിയെടുത്തു. മനോഹരങ്ങളായ പാടങ്ങൾ.... ചെറിയ വീടുകൾ......

ഞങ്ങളുടെ കയ്യിൽ ഞാൻ കരുതിയിരുന്ന ഭക്ഷണം കഴിച്ചു. അങ്ങനെ 10:00 മണിയോടെ ഞങ്ങൾ കോഴിക്കോട് സ്റ്റേഷനിൽ എത്തി.

കാശിനാഥ് കെ എസ്

# നല്ല സുഹൃത്തുക്കൾ

തെങ്ങിൻതോപ്പുകളുടെ ഇടയിൽ ഒരു കുഞ്ഞു തെങ്ങിൻ തയ്യിൽ ആണ് തത്തമ്മയും അവളുടെ കുട്ടികളും താമസിച്ചിരുന്നത്. അടുത്തുള്ള പുളിമരത്തിൽ ആയിരുന്നു കാക്കക്കൂട്ടങ്ങൾ താമസിച്ചിരുന്നത്. തത്തമ്മയ്ക്ക് കുട്ടികളെ തനിച്ചാക്കി പുറത്തു പോകുവാൻ പേടിയായിരുന്നു. കാരണം കാക്കകൾ അവളുടെ കുട്ടികളെ ഉപദ്രവിക്കുമെന്ന് അവൾക്ക് തോന്നിയിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം തത്തമ്മ തീറ്റി തേടി പോകുമ്പോൾ തെങ്ങ് കയറ്റക്കാരൻ ആ വഴിക്ക് വന്നു.

അപ്പോൾ ആ തെങ്ങ് കയറ്റക്കാരന് തത്തമ്മ വരുന്നത് കണ്ടപ്പോൾ ആ പൊത്തിൽ തത്തമ്മ കുഞ്ഞുങ്ങൾ ഉണ്ടെന്ന് മനസിലായി. അടുത്ത ദിവസം തെങ്ങുകയറ്റക്കാരൻ വന്നത് കിളി കൂടുമായാണ്. അയാൾ ഒരു കള്ളച്ചിരിയോടുകൂടെ തത്തകളെ പിടിക്കുവാൻ കയറി. അപ്പോൾ തത്തമ്മകളും തത്തകളും അലറി കരയുവാൻ തുടങ്ങി. ആ ശബ്ദം കേട്ട് കാക്കക്കൂട്ടങ്ങൾ ഓടി വന്നു. കാ...കാ.....എന്ന് വിളിച്ച് മറ്റു കാക്കകളെയും കൂടി വരുത്തി. വേഗംതന്നെ കാക്കകൾ പറന്നുവന്നു.

അപ്പോൾ തെങ്ങ് കയറ്റക്കാരൻ്റെ തലയിലും നടുവിനും കാലിനും കയ്യിലും ഒക്കെ കൊത്താൻ തുടങ്ങി. തെങ്ങ് കയറ്റക്കാരൻ തെങ്ങിൽ നിന്ന് ഇറങ്ങി ഓട്ടം തുടങ്ങി. തത്തമ്മ കാക്കകളോട് മാപ്പ് ചോദിച്ചു. എന്നിട്ട് അവർ ഒരുമിച്ച് സന്തോഷത്തോടെ ജീവിച്ചു .

മരിയ വർഗീസ്

# വിധിയെ തോൽപ്പിച്ച സ്നേഹം

ഒരിക്കൽ ഒരുകാട്ടിൽഒരു പരുന്ത് ഉണ്ടായിരുന്നു. കണ്ണിൽ കാണുന്ന എല്ലാ പക്ഷികളെയും അത് റാഞ്ചി കൊണ്ടുപോയി തിന്നും. അങ്ങനെയിരിക്കെ ഒരിക്കൽ ഏതെങ്കിലും ഒരു പക്ഷിയെ പിടിക്കുവാൻ ആയി പരുന്ത് വട്ടമിട്ട് പറക്കുകയായിരുന്നു. അപ്പോഴാണ് ഒരു പൊന്മാൻ ആ വഴി പറക്കുന്നത് കണ്ടത്. "മ്മ്.... ഈ പൊന്മാൻ തന്നെ ഇന്നത്തെ എന്റെ ഭക്ഷണം. എങ്ങനെയും ഇവനെ പിടിക്കണം" പരുന്ത് മനസ്സിൽ കരുതി. പക്ഷേ പൊന്മാൻ പിടികൊടുക്കാതെ രക്ഷപ്പെട്ടു. പരുന്തിന് ആകെ ദേഷ്യം വന്നു. എല്ലാ പക്ഷികളെയും പിടിക്കുന്ന തനിക്ക് ഈ പൊന്മാനെ മാത്രം പിടിക്കൂടാൻ കഴിയാത്ത എന്താണ് എന്ന് വിചാരിച്ച് പരുന്ത് ദിവസങ്ങൾ കഴിച്ചുക്കൂട്ടി. ആഴ്ചകളും മാസങ്ങളും പിന്നിട്ടു. അങ്ങനെ ഒരു വർഷം കഴിഞ്ഞു. പരുന്ത് ഭക്ഷണത്തിനുള്ള ഇര തേടി നടക്കുന്നതിനിടയിൽ വീണ്ടും പൊന്മാനേ കണ്ടുമുട്ടി. പൊന്മാനെ എങ്ങനെയെങ്കിലും പിടിക്കാനുള്ള ആവേശത്തോടെ പറന്നെത്തിയ പരുന്തിനെ കണ്ടു പൊന്മാൻ കുതറി മാറിയില്ല. രക്ഷപ്പെട്ട് ഓടിയതും ഇല്ല. പൊന്മാൻ പറഞ്ഞു: " ഇന്ന് നീ എന്നെ തിന്നു കൊള്ളുക. എനിക്ക് മരിക്കാൻ പേടിയില്ല" പൊന്മാന്റെ സംസാരം കേട്ട പരുന്ത് അത്ഭുതത്തോടെ ചോദിച്ചു : " പേടിയില്ലെങ്കിൽ ഇത്രയും നാൾനീഎന്തിനാണ് രക്ഷപ്പെട്ട് പറന്നു കളഞ്ഞത് " പൊന്മാൻ :" എനിക്കൊരു ഭാര്യയുണ്ട് ഞാൻ മരിക്കുന്നതിനു മുൻപ് അവളുടെ എല്ലാ ആഗ്രഹങ്ങളും എനിക്ക് സാധിച്ചു കൊടുക്കണം ഒരു വർഷം എടുത്തു അവളുടെ ആഗ്രഹം സാധിക്കാൻ പിന്നെ എനിക്ക് ഒരു മകനും ഉണ്ട് ഞാൻ മരിച്ചാലും അവൾ എന്റെ മകനുവേണ്ടി എങ്കിലും ജീവിക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്."ഇതുകേട്ട് പരുന്തിന്റെ മനസ്സലിഞ്ഞു പരുന്ത് പറഞ്ഞു :" നിന്റെ ഈ സ്നേഹത്തിനു മുൻപിൽ എന്റെ വിശപ്പ് ഒന്നുമല്ല അങ്ങനെ പറന്ന് പോയി". പിന്നീടുള്ള കാലം പരുന്തും പൊന്മാനും സന്തോഷത്തോടെ ജീവിച്ചു.

സാൻഡ്രിയസിബി

# ആകാശ മുല്ല

ആകാശംമുട്ടെ വളർന്നു പടർന്നു നീ
ആയിരമായിരം പൂക്കൾ തരുന്നു നീ
ആകാശ കൊട്ടാരമായി വളർന്നു നീ
ആകാശമേ പൂത്തു വളർന്നു നീ
ഇന്ന് എന്തേ പൂക്കാതിരുന്നത് നീ
ഇന്ന് എന്തേ വിടരാതിരുന്നത്

ശിഖ പി എസ്

# സൗഹൃദം

ഒരിടത്ത് ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട കുടുംബം ഉണ്ടായിരുന്നു. ആ കുടുംബത്തിലെ ഒരംഗം ആയിരുന്നു അപ്പവും കല്യാണിയും. ഇവർ ഭാര്യ ഭർത്താക്കന്മാരാണ്. അപ്പോ ഒരു ചെറിയ തട്ടുകട നടത്തി ജീവിച്ചുവന്നിരുന്നു. കല്യാണിക്ക് വീട്ടുജോലി ആയിരുന്നു പണി. രണ്ടുപേരും പകലന്തിയോളം അധ്വാനിച്ച് സ്വസ്ഥമായി ജീവിച്ചു പോന്നു. അപ്പുവിന്റെ കടയുടെ മുൻപിൽ ഒരു പണക്കാരന്റെ ഹോട്ടൽ ഉണ്ടായിരുന്നു. പക്ഷേ ആ ഹോട്ടലിൽ അധികം ആളുകൾ ചെല്ലാറുണ്ടായിരുന്നില്ല. എന്നാൽ അപ്പുവിന്റെ തട്ടുകടയിൽ നല്ല തിരക്കുമാണ്. അതുകൊണ്ട് ഹോട്ടൽ മുതലാളിക്ക് അപ്പുവിനോട് നല്ല അസൂയ ആയിരുന്നു. എങ്കിലും അപ്പു അയാളെ നല്ല സുഹൃത്തായി കരുതി സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തു.

ഒരു ദിവസം അപ്പോൾ കല്യാണിയോട് പറഞ്ഞു "ഇനിമുതൽ നീ വീട്ടുജോലിക്ക് പോകേണ്ട. ഈ തട്ടുകടയിലെ ജോലി ചെയ്താൽ മതി". കല്യാണിയുടെ സഹായം കൂടി ആയപ്പോൾ തട്ടുകട കുറച്ചുകൂടി വിപുലമായി. അവരുടെ കയ്യിൽ കൂടുതൽ കാശ് വരാൻ തുടങ്ങി. അവരുടെ ഓലക്കുടിൽ പൊളിച്ചുമാറ്റി പുതിയ വീട് പണിതു. കട പുതുക്കിപ്പണിതു. ഇതെല്ലാം കണ്ട് പണക്കാരന് അസൂയ മൂത്തു. ഒരു ദിവസം അതിരാവിലെ തന്നെ പണക്കാരൻ അപ്പുവിന്റെ ഹോട്ടലിൽ എത്തി. അപ്പു ദോശക്കു വേണ്ട ചട്നി ഉണ്ടാക്കുന്ന തിരക്കിലാണ്. കല്യാണി പാത്രങ്ങളും മറ്റും കഴുകി വൃത്തിയാക്കുന്നതിന്റെ തിരക്കിലായിരുന്നു. ആ തക്കം നോക്കി പണക്കാരൻ കയ്യിൽ കരുതിയിരുന്ന പൊതിയഴിച്ച് മോശമാവിലേക്ക് കുറച്ച് മായം കലർത്തി ഇളക്കി ചേർത്ത് ഒന്നും സംഭവിക്കാത്ത മട്ടിൽ അപ്പുവിനോട് കുശലം പറഞ്ഞ് ഹോട്ടലിൽ നിന്ന് ഇറങ്ങി.

അപ്പുവിന്റെ ഹോട്ടലിൽ നിന്ന് അന്ന് ഭക്ഷണം കഴിച്ചവരെ കഠിനമായ ശർദ്ദിയും വയറുവേദനയും മൂലം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പോലീസ് എത്തി . അപ്പുവിന്റെ കടയിൽ മായം ചേർക്കുന്നുണ്ട് എന്ന് കണ്ടെത്തി. അപ്പുവിന്റെ നിസ്സഹായ അവസ്ഥ ഒന്നും മനസ്സിലാക്കുവാൻകാര്യമുണ്ടായിരുന്നില്ല . അപ്പുവിന്റെ കടപൂട്ടി സീൽ ചെയ്തു. അപ്പു മൂന്നുമാസം ജയിൽ ശിക്ഷ അനുഭവിച്ചു. ജാമ്യം കിട്ടി തിരിച്ചു വന്നപ്പോഴാണ് അപ്പു അറിയുന്നത് പണക്കാരൻ ആയ മുതലാളിയുടെ ഹോട്ടൽ ഷോട്ട് സർക്യൂട്ട് മൂലം കത്തിപ്പോയെന്ന്. സുഹൃത്തിനോടുള്ള സ്നേഹം കൊണ്ട് ഓടിയെത്തിയ അപ്പു അയാളെ ആശ്വസിപ്പിച്ചു.

അതുകണ്ട് ഹോട്ടൽ മുതലാളി തേങ്ങി കരഞ്ഞുകൊണ്ട് സത്യം വെളിപ്പെടുത്തി. " അപ്പു.... നിന്നോടുള്ള അസൂയയാണ് എന്നെ ഈ നിലയിൽ ആക്കിയത്. എന്റെ പൊട്ടബുദ്ധിക്ക് ചെയ്തു പോയതാണ് നിന്റെ ഭക്ഷണത്തിൽ മായം ചേർത്തത്. അതിന് എനിക്ക് ലഭിച്ച ശിക്ഷയാണിത്. അതിന് പ്രതിഫലം ആയി നീ എന്റെ ഹോട്ടൽ ഏറ്റെടുക്കണം " അപ്പു വേദനയോടെ പറഞ്ഞു" സാരമില്ല. എന്തായാലും കഴിഞ്ഞത് കഴിഞ്ഞു. നമുക്ക് രണ്ടുപേർക്കും കൂടി ഹോട്ടൽ നല്ല രീതിയിൽ തുടർന്ന് നടത്തിക്കൊണ്ടു പോകാം. " അവർ രണ്ടുപേരും കൂടി അധ്വാനിച്ച് ഹോട്ടൽ വീണ്ടും തുറന്നു.

കെവിൻ പോൾ

# പ്രളയം വിഴുങ്ങിയ കേരളം

മഹാപ്രളയം കേരളത്തെ ഒന്നാകെ മുക്കി കളഞ്ഞ വർഷമായിരുന്നു 2018. 1924ലെ പ്രളയത്തിനുശേഷം ഏറ്റവും വലിയ വെള്ളപ്പൊക്ക ദുരന്തത്തിനാണ് കേരളം സാക്ഷ്യം വഹിച്ചത്. ജൂലൈ- ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴപെയ്യതിന്റെ ഫലമായാണ് വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെ തുടർന്ന് മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുംഉണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു.

ചരിത്രത്തിൽ ആദ്യമായി 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്ന് വിടേണ്ടി വന്നു. 26 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ അഞ്ച് ഷട്ടറുകൾ ഒരുമിച്ച് തുറന്നത്. കനത്ത മഴയിലും പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായാണ് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത്. 14 പേരെ കാണാതായി. കാലവർഷം ശക്തമായ ഓഗസ്റ്റ് 21ന് 391494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 1450707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിലായി ജീവിക്കേണ്ട അവസ്ഥ എത്തി. കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രത മുന്നറിയിപ്പ് പ്രഖ്യാപിച്ചു. പ്രാഥമിക കണക്ക് പ്രകാരം ഏകദേശം 40,000 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിന് സംഭവിച്ചത്. ഉയർന്ന അളവിൽ മഴപെയ്യതിന്റെ ഫലമായാണ് ദുരന്തം സംഭവിച്ചത്.

അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്നു വിട്ടതാണ് വെള്ളപ്പൊക്കത്തിന് കാരണം ആയതെന്ന ആരോപണങ്ങൾ കേന്ദ്ര ജല കമ്മീഷൻ തന്നെ തള്ളിയിരുന്നു.
നിലക്കാതെ പെയ്ത മഴവെള്ളത്തെ ഉൾക്കൊള്ളുവാൻ 41 നദികൾക്കോ അതിലെ 54 ജനസംഭരണികൾക്കോ സാധിച്ചില്ല. ഇടുക്കിയിൽ ജലനിരപ്പ് ഉയർന്നിട്ടും ഷട്ടറുകൾ തുറക്കാൻ വൈകിയതാണ് പെരിയാറിന്റെ തീരങ്ങളെയും കൊച്ചി നഗരത്തിന്റെ ഭാഗങ്ങളെയും പൂർണമായി ജലത്തിനടിയിൽ ആക്കിയത് എന്ന ആരോപണം ഉണ്ട്.

അതിനാൽ പരമാവധി ജലനിരപ്പിൽ നിന്നും ഒട്ടുംതന്നെ ജലം ഡാമിൽ നിർത്താൻ സാധ്യമല്ല. ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് 2018 ജൂലൈ 15ന് ഡാം തുറന്ന വെള്ളം പുറത്തേക്ക് ഒഴുക്കിയിരുന്നു. വെള്ളം തുറന്നു വിട്ടപ്പോൾ ജലം കുത്തിയൊഴുകി വീടുകൾ തകർന്നും മറ്റും ദുരിതത്തിൽ ആയത് വയനാട്ടിലെ ഏഴ് പഞ്ചായത്തിൽ ഉള്ളവരാണ്. 483 പേർ മഴക്കെടുതിയിൽ മരിച്ചു. 14 ലക്ഷത്തിലധികം ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ടിവന്നു. മഴയും മണ്ണിടിച്ചിലും വ്യാപകമായ നാശനഷ്ടം വിതച്ചു. ചുരം ഇടിഞ്ഞ് യാത്ര തടസ്സപ്പെട്ടു. ഓഗസ്റ്റ് 28 വരെ നാല് ലക്ഷത്തോളം പക്ഷികളുടെയും 18532 ചെറിയ മൃഗങ്ങളുടെയും 3766 വലിയ മൃഗങ്ങളുടെയും ജഡങ്ങൾ സംസ്കരിച്ചു.

വ്യവസായ വാണിജ്യ മേഖലകളിലെ നഷ്ടം ഏകദേശം പതിനായിരം കോടി രൂപയോളം വരും എന്നാണ് പ്രാഥമിക നിഗമനം. നിരവധി റോഡുകൾ വെള്ളത്തിനടിയിൽ ആവുകയും ഒലിച്ചു പോവുകയും ചെയ്തു. ഒട്ടേറെ പാലങ്ങൾ തകർന്നു. നെടുമ്പാശ്ശേരി വിമാനത്താവളം രണ്ടാഴ്ചയോളം അടച്ച് ഇടേണ്ടി വന്നു. റോഡ് ഗതാഗതം സ്തംഭിച്ചതും കൊച്ചിയിലേക്കുള്ള വിമാനസർവീസുകൾ മുടങ്ങിയതും മൂലം വൻതോതിൽ ഹോട്ടൽ മുറികളുടെ ബുക്കിംഗ് പുറത്താക്കപ്പെട്ടു. മൂന്നാർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും തീർത്തും നിർജീവമായി.

കേരള ടൂറിസത്തിന്റെ വിപണനത്തിൽ വലിയ പങ്കുള്ള ആലപ്പുഴ നെഹ്റു ട്രോഫി വള്ളംകളി പോലും മാറ്റിവയ്ക്കേണ്ടി വന്നു. പ്രളയം മൂലം സിനിമകളുടെ റിലീസിംഗ് മാറ്റിവെച്ചു. ഇതുപോലെ 30 കോടിയുടെ നഷ്ടമുണ്ടായതാണ് ഫിലിം ചേംബർ ചൂണ്ടിക്കാട്ടുന്നത്. പച്ചക്കറി വാഴ നെല്ല് കപ്പ നാണ്യവിളകൾ തുടങ്ങിയ എല്ലാ വിളകളും നശിച്ചു.

കതിരണിഞ്ഞ ഏക്കർ കണക്കിന് വയലേലകൾ കുത്തിയൊഴുകിയെത്തിയ മലവെള്ളത്തിൽ മുങ്ങിപ്പോയി.കുട്ടനാട്ടിലും അപ്പർ കുട്ടനാടൻ മേഖലയിലും മാത്രം ഏകദേശം 10495 ഹെക്ടർ പ്രദേശത്തെ നെൽകൃഷി നശിച്ചു. കൃഷി നാശവും വിലയിടിവും കൊണ്ട് നട്ടംതിരിയുന്ന കർഷകർക്ക് ഇരട്ട പ്രഹരമായി അതിവൃഷ്ടി. തോട്ടം മേഖലയിലെ ആകെ നഷ്ടം 800 കോടി അധികമാണ്. 48000 ഹെക്ടർ തോട്ടങ്ങളെ എങ്കിലും പ്രളയം ബാധിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തൽ. റബർ തോട്ടങ്ങൾക്ക് മാത്രം ഏകദേശം 500 കോടിയിലധികം രൂപയുടെ നഷ്ടം ഉണ്ടായി. വൈദ്യുതി വിതരണ സംവിധാനം താറുമാറായി. 25 ലക്ഷം ആളുകളുടെ വൈദ്യുതി കണക്ഷൻ നഷ്ടപ്പെട്ടു. 28 സബ്സ്റ്റേഷനുകളും 5 ഉത്പാദനനിലയങ്ങളും പ്രവർത്തനം നിർത്തിവച്ചു. കൂടാതെ 5 ചെറുകിട വൈദ്യുതി നിലയങ്ങൾ വെള്ളം കയറി തകർന്നു. ഏകദേശം ഒട്ടുമിക്ക ജില്ലകളിലും പ്രളയം വലിയ നാശം വിതച്ചു. അങ്ങനെ കേരളം ഒരു വലിയ ദുരന്തത്തിന് സാക്ഷിയാകേണ്ടി വന്നു.

നിരഞ്ജന എൻ

# ഒരു ഒഴിവുകാല യാത്ര

വേനൽ അവധിക്കാലം. ചുട്ടുപൊള്ളുന്ന ചൂടിൽ കരിഞ്ഞുണങ്ങിയ പുല്ലും വരണ്ട ഭൂമിയും വരൾച്ചയും ചേർന്ന ഒരു കാലം. ഈ വേനൽക്കാലത്ത് ഞാൻ എന്റെ കുടുംബവുമായി വയനാട്ടിലേക്ക് പോകാൻ തീരുമാനിച്ചു. വയനാട്ടിലേക്ക് പോകാനുള്ള തയ്യാറെടുപ്പുകൾ കഴിഞ്ഞു. രാവിലെ ആറുമണിയോടെ വണ്ടി വന്നു. ആദ്യം തന്നെസീറ്റ് ഉറപ്പിച്ചു.

ഗ്ലാസ് തുറന്നിട്ടു. മന്ദ മാരുതൻ തലോടലിനോടൊപ്പം ബസ് മെല്ലെ നീങ്ങിത്തുടങ്ങി. പുറത്ത് മനോഹരമായ കാഴ്ചകൾ. രാവിലെ എട്ടുമണിയോടെ പ്രഭാത ഭക്ഷണം കഴിച്ച് വീണ്ടും യാത്ര തുടർന്നു. യാത്രയിൽ എല്ലാവരും ഒന്നിച്ച് കളിച്ചും ചിരിച്ചും വണ്ടി വയനാട് ചുരം കയറിത്തുടങ്ങി. താമരശ്ശേരി ചുരം. എത്ര പ്രകൃതി രമണീയമായ സ്ഥലം. എവിടെയും പച്ചപ്പ് മാത്രം. റോഡരികിൽ കുരങ്ങുകൾ ഇരിപ്പുറപ്പിച്ചിട്ടുണ്ട്.

അങ്ങനെ ഞങ്ങൾ കുന്നും മലകളും കാടും മൃഗങ്ങളും പക്ഷികളും എല്ലാം നിറഞ്ഞ പ്രകൃതി രമണീയമായ വയനാട്ടിൽ എത്തിച്ചേർന്നു.

പച്ചപ്പരവതാനി വിരിച്ചതുപോലെ തോന്നുന്ന ഓരോ കാഴ്ചയും വളരെ മനോഹരമേറിയതും ആശ്ചര്യപ്പെടുത്തുന്നതും ആയിരുന്നു. അന്ന് രാത്രി ഞങ്ങൾ അവിടെ ഒരു വീട് എടുത്തു. പിറ്റേദിവസം രാവിലെ ഏഴുമണിയോടെ വയനാട് ആസ്വദിക്കാൻ ഇറങ്ങി. ആദ്യം ഞങ്ങൾ കാട്ടിലൂടെ ഒരു സവാരി പോയി.

അവിടെ ചെടികൾക്കിടയിൽ മറഞ്ഞിരുന്ന പുള്ളിമാനെ കണ്ടു കണ്ടുപിടിച്ചത് ഹരം കൊള്ളിച്ചു. നിങ്ങളുടെ വഴിക്ക് കുറുകെ ഒരു കുട്ടിയാനയും ഒരു പിടി ആനയും മറന്നു പോകുന്ന മനോഹരമായ കാഴ്ച കണ്ണിമ വെട്ടാതെ ഞങ്ങൾ നോക്കി നിന്നു. തുടർന്ന് ഞങ്ങൾ ബാണാസുര ഡാമിലേക്ക് പോയി. എത്ര സുന്ദരമായ സ്ഥലം. മണ്ണിൽ നിർമ്മിതമായതാണ്. കണ്ണാടി പോലെ തിളങ്ങുന്ന വെള്ളം. എന്റെ നാട്ടിലേതുപോലെയുള്ള വെയില് അവിടെ ഇല്ല.

ഞങ്ങൾ അവിടെ ചെല്ലുമ്പോൾ ചെറിയ മഴക്കാർ ഉണ്ടായിരുന്നു. തണുപ്പുള്ള കാലാവസ്ഥയിൽ ഡാമിന്റെ ഭംഗി ആസ്വദിച്ച് തീരും മുൻപേ മഴ പെയ്തിറങ്ങി. മഴയിൽ ഡാമിന്റെ മനോഹാരിത വർദ്ധിച്ചു കൊണ്ടിരുന്നു. ഈ സുന്ദര ദൃശ്യം കണ്ട് ശേഷം ഞങ്ങൾ അവിടെ നിന്ന് യാത്ര തിരിച്ചു. വയനാടിന്റെ പച്ചപ്പും മലനിരകളും കുളിർമയും ആസ്വദിച്ച് ആ മധുര സ്മരണകളോടെ ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി.

ഷാരോൺ കെ സണ്ണി

# അറിവാണ് ദൈവം

പണ്ട് പണ്ട് കുറച്ചു ദൂരത്ത് ഒരു മനോഹരമായ കൊച്ചു ഗ്രാമം ഉണ്ടായിരുന്നു. ആ ഗ്രാമത്തിൽ എല്ലാവരും സന്തോഷത്തോടെയും സാഹോദര്യത്തോടെയും ആയിരുന്നു ജീവിച്ചിരുന്നത്. പുഴകളും വയലുകളും ചെറിയ ചെറിയ മുട്ട കുന്നുകളും നിറഞ്ഞ കൊച്ചു ഗ്രാമം. കുരുവികളുടെയും പറവ കൂട്ടങ്ങളുടെയും കലപില ശബ്ദം. ചെന്താമരകൾ വിടർന്നു നിൽക്കുന്ന കൊച്ചു അരുവികൾ. അതിൽ കളകളം ഒഴുകി നീന്തുന്ന അരയന്ന കൂട്ടങ്ങൾ. നേരം വെളുക്കും മുമ്പേ കൂവുന്ന പൂവൻകോഴികൾ.മലനിരകൾക്കിടയിൽനിന്ന്കുതിച്ചുപൊങ്ങുന്ന സൂര്യൻറെ വെളിച്ചം എത്തിയാൽ ഉടനെ അമ്പലക്കുളത്തിൽ കുളിക്കാൻ ഓടുന്ന കുട്ടികൾ. പാടത്തും പറമ്പിലും കലപ്പയും തൂമ്പയും എടുത്ത് പോകുന്ന കർഷകരെ കാണാൻ നല്ല ചേലാണ്.

ആ മനോഹരമായ ഗ്രാമത്തിൽ ഒരു കൊച്ചു കൂര ഉണ്ടായിരുന്നു.പലയോല കൊണ്ട് മേഞ്ഞ കൂരയായിരുന്നു. ആ കൂരയിൽ ഒരു അച്ഛനും അമ്മയും നാലു മക്കളും താമസിച്ചിരുന്നു.അവർപാവപ്പെട്ടവരായിരുന്നു.അപ്പന് അന്നന്ന് കിട്ടുന്ന വരുമാനം മാത്രമായിരുന്നു അവരുടെ ഏക ആശ്രയം.ഒരു നേരത്തെ ആഹാരം മാത്രമേ കൂരയിൽഉണ്ടായിരുന്നുള്ളൂ.പിന്നെയുള്ള ആശ്വാസം സ്കൂളിൽ നിന്ന് കിട്ടുന്ന ഉപ്പുമാവ് ആയിരുന്നു.

സത്യം പറഞ്ഞാൽ അവർ നാലുപേരും ഒരു നേരത്തെഉപ്പുമാവിന്വേണ്ടിയായിരുന്നു സ്കൂളിൽ പോയിരുന്നത്. ഒരു ദിവസം അവരോട് അച്ഛൻ പറഞ്ഞു. പഠിപ്പുണ്ടെങ്കിൽ മാത്രമേ ജീവിതത്തിൽ നല്ലനിലയിൽ എത്താൻ സാധിക്കൂ.അച്ഛൻറെ ആ വാക്കുകൾ അവരുടെ ജീവിതത്തിന് പുതിയ വഴിത്തിരിവായി.പഠിപ്പാണ് അവരുടെ ദൈവം എന്ന് അവർക്ക് മനസ്സിലായി.ചൂട്ടുകെട്ടുകളുടെ വെളിച്ചത്തിൽ ഇരുന്നായിരുന്നു അവരുടെ പഠനം. പഠിച്ച് പഠിച്ച് അവർ നല്ല നിലയിൽ എത്തി. ഒരാൾ വക്കീലും മറ്റേയാൾ ഡോക്ടറും ആയി.പിന്നെ ആ കൊച്ചുകൂര വലിയ വീടായി മാറി.അവരെല്ലാവരും സന്തോഷത്തോടെയും സ്നേഹത്തോടെയും അവിടെജീവിച്ചു.

ആശിഷ്ദേവ്

# നന്ദി